## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ ഹാജരാക്കേണ്ട സാക്ഷ്യപത്രം നല്കാൻ അതാത് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ (കൈ) നം.198/2007/തസ്വഭവ. തീയതി, തിരുവനന്തപുരം : 16.08.2007.

---

പരാമർശം :

1. 9.05.2006 ലെ 11259/സിഡിഎൻ5/06/പൊഭവ നമ്പർ സർക്കാർ വിജ്ഞാപനം.
2. ഗ്രാമവികസന കമ്മീഷണറുടെ 12.06.2007 ലെ 2953/ഡിപി1/07/സിആർഡി നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം 1-ലെ സർക്കാർ വിജ്ഞാപന പ്രകാരം, വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർ ഫീസ് ഒടുക്കേണ്ടതില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ അത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നല്കുന്ന സാക്ഷ്യപത്രം ഹാജരാക്കണമെന്ന് പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 4(4) ൽ നിഷ്കർഷിക്കുന്നുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക്, ഫീസൊടുക്കാതെ ലഭിക്കുന്നതിന്, സാക്ഷ്യപത്രം നല്കുവാൻ അതാത് സ്ഥലത്തെ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.കെ.ജോസ്,
സെക്രട്ടറി.

ഗവർണ്ണറുടെ സെക്രട്ടറിക്ക്. (ആമുഖ കത്ത് സഹിതം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ - ഇ ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ.(ആമുഖ കത്ത് സഹിതം)